- ജീവപര്യന്തം തടവുശിക്ഷയോ, 10 വർഷത്തെ തടവോ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ മൂന്നുവർഷം തടവും പിഴയും ലഭിച്ചേക്കാം.

- ഒരു വർഷത്തിനും 10 വർഷത്തിനുമിടയിൽ തടവുശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെ രക്ഷിക്കുകയാണെങ്കിൽ ആയതിന് ലഭിക്കാവുന്ന പരമാവധി ശിക്ഷാകാലാവധിയുടെ നാലിലൊന്ന് ഭാഗം ശിക്ഷാതടവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ Criminal Law Amendment Act 2013 പ്രകാരം ഇത്തരം കേസ്സുകളിൽ കർശന നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ

24 (*324) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലന്വേഷകർക്ക് എത്രയും വേഗം ജോലി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

പി.എസ്.സി.-യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് One Time Registration സംവിധാനം ഏർപ്പെടുത്തി. പി.എസ്.സി.യുടെ പരീക്ഷാ രീതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുമെന്നുമാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചുവരുന്നു.

ജനമൈത്രി പോലീസ്

25 (*325) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് മുംബൈ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠനം റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് 2013-ൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ജനമൈത്രിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ ;

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 2008 മാർച്ചിൽ ആരംഭിച്ചു.

(ബി) ഉണ്ട്. ബീറ്റ് സിസ്റ്റം പുനരാരംഭിക്കുക, പ്രാദേശികമായ സുരക്ഷയ്ക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുക, രാത്രികാല പട്രോളിംഗ് പുനഃസ്ഥാപിക്കുക, മുതിർന്ന പൗരന്മാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി അവരുടെ വീടുകളിൽ സ്ഥിരമായി ബീറ്റ് സന്ദർശനം നടത്തുന്നതിനുവേണ്ടി യൂത്ത് വോളന്റിയർ ഗ്രൂപ്പിനെ നിയോഗിക്കുക, ബീറ്റ് ഏരിയായിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി അതിന്റെ ഡാറ്റ തയ്യാറാക്കി അത് പുതുക്കി സൂക്ഷിക്കുക, കുടുംബപ്രശ്നങ്ങളോ മറ്റോ ബീറ്റ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ സ്ത്രീകളെയും കുട്ടികളെയും മുതിർന്ന പൗരന്മാരെയും തങ്ങളുടെ പരിധിക്കുള്ളിൽനിന്ന് സഹായിക്കുക, മദ്യവിൽപ്പന, മദ്യ ഉപയോഗം എന്നിവയ്ക്കെതിരെ ജാഗ്രത പുലർത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കുക എന്നിവയാണ് പ്രധാന ശിപാർശകൾ.

(സി) പഠനം നടത്തിയിട്ടുണ്ട്. ജനമൈത്രിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടില്ല.

സൈൽ പദ്ധതി

26 (*326) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly